ഭരണഭാഷ-മാതൃഭാഷ

നം.PC2/6731/ 2020

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 05.06.2020
ഇ-മെയിൽdirectorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് - ത്രൈമാസ വാർത്താ പത്രിക പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:

വനിത ശിശുവികസന വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹ്യ ഉന്നമനത്തിനും വികസനത്തിനുമുള്ള നിരവധി പദ്ധതികൾ മാത്രമല്ല ഒപ്പം അവരുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്ന നിരവധി സാമൂഹ്യനിയമങ്ങളും നടപ്പിലാക്കി വരുന്നു. എന്നാൽ വർത്തമാനകാലത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നു എന്നത് യാഥാർത്ഥ്യമാണ്. ഇത്തരത്തിലുള്ള ക്രൂരതകൾ ആവർത്തിക്കപ്പെ-ടാതിരിക്കാനും അവ ചെറുക്കുന്നതിനുമായി സാമൂഹ്യ ബോധവൽക്കരണം അനിവാര്യമാണ്. ഇതിനായി ഒട്ടനവധി പരിപാടികൾ വകുപ്പ് സംഘടിപ്പിക്കുന്നുണ്ടെങ്കിലും, സമകാലിക വിഷയങ്ങളുടെ അവലോകനം, നിയമങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച സംശയനി-വാരണം, പോഷകാഹാരക്രമം, ഈ മേഖലയിൽ അവതരിപ്പിക്കുന്ന നൂതന ആശയങ്ങൾ എന്നിവയെല്ലാം കൂടെ സംഗ്രഹിക്കുന്ന ഒരു വാർത്താ പത്രിക വകുപ്പുതലത്തിൽ പ്രസിദ്ധീകരിക്കേണ്ടത് അനിവാര്യമാണ്.

മേൽ വിവരിച്ച വിഷയങ്ങളും അതിന് അനുബന്ധമായി വരുന്ന ഘടകങ്ങളും ഉൾക്കൊള്ളിച്ച് കൊണ്ട് വകുപ്പ് ആസ്ഥാനത്തു നിന്നും ത്രൈമാസ വാർത്ത പത്രിക പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. ആയതിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പിലെ ജീവനക്കാർ, അങ്കണവാടി പ്രവർത്തകർ സ്ഥാപനങ്ങളിലെ താമസക്കാർ, അങ്കണവാടി ഗുണഭോക്താക്കൾ എന്നിവരിൽ സാഹിത്യ രചനയിലും ചിത്ര രചനയിലും പ്രാവീണ്യമുള്ളവർ തുടങ്ങിയവരിൽ നിന്നും സർഗ്ഗാത്മക സൃഷ്ടികളും വിഷയങ്ങളിൽ നിപുണരായവർ, സാമൂഹ്യ നിരീക്ഷകർ എന്നിവരിൽ നിന്ന് ലേഖനങ്ങൾ മേഖലയുമായി ബന്ധപ്പെട്ട അനുഭവങ്ങളുടെ കുറിപ്പുകൾ എന്നിവയും ക്ഷണിക്കുന്നു. ഇത് സംബന്ധിച്ച നിബന്ധനകളും വിഷയങ്ങളും ചുവടെ ചേർക്കുന്നു.

- വനിതാ ലോകം : സ്ത്രീ സംബന്ധമായ വിവിധ വിഷയങ്ങൾ (കഥകൾ/കവിതകൾ/വീക്ഷണങ്ങൾ/ലേഖനങ്ങൾ)

(നടപടി : എല്ലാ ജീവനക്കാർക്കും)

GB

- ബാല സംരക്ഷണം : കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ (കഥകൾ/കവിതകൾ/ലേഖനങ്ങൾ/ചിത്ര രചന തുടങ്ങിയവ)
  (നടപടി : എല്ലാ ജീവനക്കാർക്കും)

- ബാല ശബ്ദം/ബാല്യം: കുട്ടികളുടെ കോളം -അങ്കണവാടി ഗുണഭോക്താക്കളായ കുട്ടികൾ/കൗമാരപ്രായക്കാരായ കുട്ടികൾ, സ്ഥാപനത്തിലെ താമസക്കാർ എന്നിവരുടെ സൃഷ്ടികൾ
  (നടപടി : എല്ലാ ജീവനക്കാർക്കും)

- നുറുങ്ങുകൾ : തമാശ സെക്ഷൻ
  (നടപടി : എല്ലാ ജീവനക്കാർക്കും)

- അങ്കണവാർത്തകൾ : അങ്കണവാടി തലത്തിൽ നടപ്പിലാക്കിയ വേറിട്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ട് , പ്രവർത്തകരുടെ നേട്ടങ്ങൾ
  (നടപടി : എല്ലാ ICDS സൂപ്പർവൈസർമാർക്കും ശിശു വികസന പദ്ധതി ഓഫീസർമാർക്കും, പ്രോഗ്രാം ഓഫീസർമാർക്കും)

- ജില്ലാ വാർത്തകൾ : വിവിധ ജില്ലാ ഓഫീസുകളുടെ പ്രവർത്തനങ്ങൾ (DWCDO/പ്രോഗ്രാം ഓഫീസ്/WPO/DCPO) പ്രധാന പ്രവർത്തനങ്ങൾ-ജില്ലാതലത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച്.
  (നടപടി : എല്ലാ ജില്ലാതല ഓഫീസർമാർക്കും)

- നേട്ടങ്ങൾ/അംഗീകാരം: വിവിധ ജീവനക്കാരുടെ നേട്ടങ്ങൾ
  (നടപടി : എല്ലാ ജില്ലാതല ഓഫീസർമാർക്കും)

ആദ്യ പതിപ്പിൽ പ്രധാനമായും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് "കോവിഡ് പ്രതിരോധത്തിൽ വകുപ്പിന്റെ സംഭാവന" എന്ന വിഷയത്തിലധിഷ്ഠിതമായിരിക്കണം. വകുപ്പിലെ ജീവനക്കാരും അങ്കണവാടി പ്രവർത്തകരും (THRS വിതരണം തുടങ്ങിയവ) സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലേഴ്സും കോവിഡ് പ്രതിരോധ സമയത്ത് മുതിർന്ന പൗരന്മാർക്ക് വേണ്ടി നടത്തിയ സംയോജിതമായ ഇടപെടലുകൾ സംബന്ധിച്ച ലേഖനങ്ങൾ/അനുഭവക്കുറിപ്പ് / മറ്റ് ക്രിയാത്മക സൃഷ്ടികൾ എന്നിവയും അവയുടെ ഡോക്യുമെന്റേഷനും ഉൾപ്പെടുത്താവുന്നതാണ്. കൂടാതെ വകുപ്പിലെ ജീവനക്കാരുടെയും ഗുണഭോക്താക്കളുടെയും വേറിട്ട കഴിവുകൾ ( Hidden Talents) പരിചയപ്പെടുത്തുന്നതിനും വാർത്താ പത്രിക വേദിയാക്കാവുന്നതാണ്. എന്നാൽ ലേഖനങ്ങൾ /കഥകൾ /കവിതകൾ തുടങ്ങിയവ 500 വാക്കിൽകവിയാത്ത വിധത്തിൽ തയ്യാറാക്കി wcdnewsletter2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ 17.06.2020 ന് മുൻപായി അയച്ചു തരേണ്ടതാണ്. സൃഷ്ടികൾ വളരെ ലളിതമായ ഭാഷയിൽ ആയിരിക്കണം തയ്യാറാക്കേണ്ടത്. സൃഷ്ടാവിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോ, ഔദ്യോഗിക വിലാസം എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്. അങ്കണവാടി/സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലേഴ്സ് എന്നിവരുമായി ബന്ധപ്പെട്ട

സർഗ്ഗാത്മക സൃഷ്ടികൾ സി.ഡി.പി.ഒ മുഖേനയും സ്ഥാപനത്തിലെ അന്തേവാസികളുമായി ബന്ധപ്പെട്ടവ സ്ഥാപന മേധാവി മുഖേനയും ഇ-മെയിൽ ചെയ്യേണ്ടതാണ്.

സമയപരിധി കർശനമായും പാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

Women a... ...opment
D...
Thiruva... ...012

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ജില്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും
ഡയറക്ടറുടെ സി.എ
സ്റ്റോക്ക് ഫയൽ /സ്പെയർ

GB